## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1843** **09-12-2022 - ൽ മറുപടിയ്ക്ക്**

## രാസവളങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മുരളി പെരുനെല്ലി | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | യൂറിയ, പൊട്ടാഷ്, ഫാക്ടംഫോസ് തുടങ്ങിയ രാസവളങ്ങൾക്ക് ക്രമാതീതയമായി വില ഉയരുകയും അവ ആവശ്യത്തിന് ലഭിക്കാതിരിക്കുകയും രാസവളങ്ങളുടെ ലഭ്യതക്കുറവ് മൂലം കർഷകർ ആവശ്യപ്പെടുന്ന വളങ്ങൾ മതിയായ അളവിൽ നൽകാതെ മറ്റ് രാസവളങ്ങളും കീടനാശിനികളും കൂടി വാങ്ങാൻ വളം വിതരണക്കാർ നിർബന്ധിക്കുന്നതുമായുമുള്ള കർഷകരുടെ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാസവളത്തിന്റെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരാണ്. എല്ലാ മാസവും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള 'സപ്ലൈ പ്ലാൻ' പ്രകാരമാണ് സംസ്ഥാനങ്ങൾക്ക് വളം ലഭ്യമാക്കുന്നത്. ഏതൊക്കെ വളക്കമ്പനികൾ ഏതൊക്കെ അളവിൽ ഏതെല്ലാം പ്രദേശത്ത് വളം വിതരണം ചെയ്യണം എന്ന് സപ്ലൈ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ വളത്തിന്റെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെടുന്ന വേളകളിൽ ബന്ധപ്പെട്ട വളക്കമ്പനികൾക്ക് നിർദ്ദേശം നൽകി അടിയന്തിരമായി വളത്തിന്റെ വിതരണം കൃഷി വകുപ്പ് ഇടപെട്ട് പുന:സ്ഥാപിച്ചു വരുന്നു.**<br><br>**രാസവളത്തിന്റെ കൂടെ മറ്റു സാധനങ്ങൾ വിറ്റഴിക്കുവാൻ ഡീലറുമാരെ നിർബന്ധിക്കുന്ന പ്രവണത തടയുന്നതിന് കേന്ദ്ര രാസവള മന്ത്രാലയത്തിനെ ടി വിവരം അറിയിക്കുകയും അപ്രകാരം Tagging നടത്താൻ പാടില്ല എന്ന് കേന്ദ്ര സർക്കാർ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവ് വളക്കമ്പനികൾ കർശനമായും പാലിക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്.** |
| (ബി) | പ്രസ്തുത പ്രശ്നം പരിഹരിക്കാൻ ആവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | **ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. രാസവളത്തിന്റെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരാണ്. എല്ലാ മാസവും കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുള്ള 'സപ്ലൈ പ്ലാൻ' പ്രകാരമാണ് സംസ്ഥാനങ്ങൾക്ക് വളം ലഭ്യമാക്കുന്നത്. ഏതൊക്കെ വളക്കമ്പനികൾ ഏതൊക്കെ അളവിൽ ഏതെല്ലാം പ്രദേശത്ത് വളം വിതരണം ചെയ്യണം എന്ന് സപ്ലൈ പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ വളത്തിന്റെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെടുന്ന വേളകളിൽ ബന്ധപ്പെട്ട വളക്കമ്പനികൾക്ക് നിർദ്ദേശം നൽകി അടിയന്തിരമായി വളത്തിന്റെ വിതരണം കൃഷി വകുപ്പ് ഇടപെട്ട് പുന:സ്ഥാപിച്ചു വരുന്നു.** |

| | | | |
|---|---|---|---|
| | | | രാസവളത്തിന്റെ കൂടെ മറ്റു സാധനങ്ങൾ വിറ്റഴിക്കുവാൻ ഡീലറുമാരെ നിർബന്ധിക്കുന്ന പ്രവണത തടയുന്നതിന് കേന്ദ്ര രാസവള മന്ത്രാലയത്തിനെ ടി വിവരം അറിയിക്കുകയും അപ്രകാരം Tagging നടത്താൻ പാടില്ല എന്ന് കേന്ദ്ര സർക്കാർ ഉത്തരവിടുകയും ചെയ്തിട്ടുണ്ട്. ടി ഉത്തരവ് വളക്കമ്പനികൾ കർശനമായും പാലിക്കേണ്ടതാണെന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ